ജന്മഭൂമി

22 January 2018

# കടൽ ജീവികളിൽ നിന്ന് ഔഷധ നിർമ്മാണം

**കൊച്ചി:** കടൽജീവികളിൽ നിന്നുള്ള ഔഷധ നിർമ്മാണ ഗവേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഗവേഷകർക്ക് പരിശീലനവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ആരോഗ്യ-മരുന്നുൽപാദന രംഗത്ത് ഏറെ സാധ്യതകളുണ്ടെന്ന് തെളിയിക്കപ്പെട്ട കടൽജീവികളിലടങ്ങിയ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ടാണ് പരിശീലനം. രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും 25 ഗവേഷകർക്ക് നാളെ മുതൽ ആരംഭിക്കുന്ന വിന്റർ സ്കൂളിൽ പരിശീലനം നൽകും. സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി വിഭാഗം നടത്തുന്ന വിന്റർ സ്കൂൾ 21 ദിവസം നീണ്ടുനിൽക്കും. കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറി പദ്മഭൂഷൻ ഡോ മഞ്ജു ശർമ്മ നാളെ രാവിലെ 10.30ന് വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യും. പ്രമേഹം, സന്ധിവേദന, കൊളസ്ട്രോൾ എന്നീ രോഗങ്ങൾ തടയുന്നതിനുള്ള ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ കടൽപായലിൽ നിന്നും സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. തൈറോയിഡ് പോലുള്ള രോഗങ്ങൾക്കുള്ള ഉൽപ്പന്നങ്ങളുടെ നിർമാണം അന്തിമഘട്ടത്തിലാണ്. വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ പരീക്ഷണശാലയിൽ ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് നേതൃത്വം നൽകാൻ സിഎംഎഫ്ആർഐ വിന്റർ സ്കൂളിൽ പങ്കെടുക്കുന്ന ഗവേഷകരെ പ്രാപ്തരാക്കും.